കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതും അത്തരം സേവനത്തിനുള്ള നിശ്ചിത സമയപരിധി രേഖ ഹാജരാക്കുന്ന തീയതി മുതൽ ആരംഭിക്കുന്നതുമാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നതിനും ഓരോ വകുപ്പും സ്ഥാപനവും കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട്, പ്രതിമാസ പത്രികയായി നിശ്ചിത മാതൃകയിൽ, ബന്ധപ്പെട്ട ഭരണവകുപ്പുകൾ മുഖേന ഓരോ മാസവും 5-ാം തീയതിയ്ക്കു മുമ്പായി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ഐ.എം.ജി.ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രാഗത്ഭ്യമുള്ള ഏതെങ്കിലും സർക്കാർ ഏജൻസിയെക്കൊണ്ട് നടപ്പിലാക്കി വിലയിരുത്തൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുവാൻ ഐ.എം.ജി.ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമത്തിന്റെ വിലയിരുത്തലിനായി ഓൺ ലൈൻ മോണിറ്ററിംഗ് സംവിധാനം സ്ഥാപിക്കുവാൻ വിവര സാങ്കേതിക വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഹർത്താലുകൾമൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ

13 (*163) ശ്രീ. പി. ഉബൈദുള്ള :

ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടരെയുണ്ടാകുന്ന ഹർത്താലുകൾ ജനങ്ങൾക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടാക്കാതിരിക്കാൻ സ്വീകരിച്ചു വരുന്ന മുൻകരുതൽ നടപടികൾ വിശദമാക്കുമോ ;

(ബി) ഹർത്താലുകൾമൂലം ഒരു വർഷം തൊഴിൽ, ഗതാഗതം, കാർഷികം, വ്യവസായം, വിദ്യാഭ്യാസം എന്നീ മേഖലകളിലുൾപ്പെടെ പൊതുവായുണ്ടാകുന്നതും അതിനു പുറമേ വ്യക്തികൾക്കുണ്ടാകുന്നതുമായ കഷ്ടനഷ്ടങ്ങളുടെ വ്യാപ്തിയെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഹർത്താലുകൾ നിയന്ത്രിക്കുന്നതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച ഏതെങ്കിലും കമ്മീഷൻ ശിപാർശ സമർപ്പിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ കോടതി പരാമർശങ്ങളുണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) തുടരെയുണ്ടാകുന്ന ഹർത്താലുകൾ ജനങ്ങൾക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടാക്കിയ സാഹചര്യത്തിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരുന്ന WP(Crl)No.77/07 എന്ന കേസിൽ സുപ്രീം കോടതി 16-4-2009-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും, അതനുസരിച്ചുള്ള മുൻകരുതൽ നടപടികൾ പോലീസ് വകുപ്പ് സ്വീകരിച്ചു വന്നിട്ടുള്ളതുമാണ്. പ്രിവെൻഷൻ ഓഫ് ഡാമേജ് ടു പബ്ളിക് പ്രോപ്പർട്ടി ആക്ട്-1984 (PDPP Act), പബ്ളിക് വേയ്സ് റെസ്ട്രിക്ഷൻ ഓഫ് അസംബ്ളീസ് ആൻഡ് പ്രൊസ്സഷൻസ് ആക്ട്-2011 എന്നിവ പ്രകാരവും, ഇന്ത്യൻ ശിക്ഷാ നിയമത്തിലെയും, കേരള പോലീസ് ആക്ടിലെയും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും സംസ്ഥാനത്ത് വിവിധ രാഷ്ട്രീയ പാർട്ടികൾ/സംഘടനകൾ ആഹ്വാനം ചെയ്യുന്ന ഹർത്താലുകളിൽ ജനങ്ങൾക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടാകാതിരിക്കാനും, പൊതുജീവന് സംരക്ഷണം നൽകുന്നതിനും നിയമപരമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഈ വിഷയത്തിൽ വിവിധ കോടതി വിധികളുടെ വെളിച്ചത്തിൽ, ഹർത്താൽ ദിനത്തിൽ പൊതുമുതൽ നശിപ്പിക്കുന്നവരിൽ നിന്നും നഷ്ടം ഈടാക്കുന്നതിനുള്ള നിർദ്ദേശവും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഹർത്താലിന്റെ എല്ലാ വശങ്ങളും ഉൾക്കൊണ്ടു വിപുലമായ നിയമം പ്രാബല്യത്തിൽ വരുത്തുന്നത് സർക്കാർ പരിഗണിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഫുൾബെഞ്ച് വിവിധ കേസുകളിലായി ഉത്തരവായിട്ടുള്ളതും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്.

(ബി) ഹർത്താലുകൾമൂലം സംസ്ഥാനത്തുണ്ടാകുന്ന തൊഴിൽ, ഗതാഗതം, കാർഷികം, വ്യവസായം, വിദ്യാഭ്യാസം എന്നീ മേഖലകൾക്കുണ്ടാകുന്ന നഷ്ടങ്ങൾ എന്നിവ ബന്ധപ്പെട്ട വകുപ്പുകൾ വിലയിരുത്താറുണ്ട്. ഹർത്താലുകൾമൂലം വിദ്യാഭ്യാസ മേഖലയിൽ അദ്ധ്യയന ദിനങ്ങളുടെ നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുമുണ്ട്. കൂടാതെ, ഹർത്താലുകൾമൂലം പൊതു-സ്വകാര്യ മുതലുകൾ ആക്രമിക്കപ്പെടുകയും, നശിപ്പിക്കപ്പെടുകയും ചെയ്യുന്ന സംഭവങ്ങളിന്മേൽ, നശിപ്പിക്കപ്പെട്ട മുതലുകളുടെ നഷ്ടം കണക്കാക്കുകയും അവ സംബന്ധിച്ച് രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിലുൾപ്പെടുത്തി ബന്ധപ്പെട്ട കോടതികൾക്ക് റിപ്പോർട്ട് സമർപ്പിക്കാറുമുണ്ട്.

(സി) ഹർത്താലുകൾ നിയന്ത്രിക്കുന്നതു സംബന്ധിച്ച് ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം റിട്ട. സുപ്രീം കോടതി ജഡ്ജി ശ്രീ. കെ. റ്റി. തോമസിന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുള്ളതും, പ്രസ്തുത കമ്മിറ്റി സുപ്രീം കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ഈ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന് സുപ്രീം കോടതിയും, ഹൈക്കോടതിയും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഹർത്താലിന്റെ എല്ലാ വശങ്ങളും ഉൾക്കൊണ്ടുള്ള വിപുലമായൊരു നിയമം പ്രാബല്യത്തിൽ വരുത്തണമെന്ന ഹൈക്കോടതി ഫുൾബെഞ്ചിന്റെ 29-10-2014-ലെ ഉത്തരവ് സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly